പ്രതിരോധ നിയന്ത്രണ സെല്ലിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ

55 (6760) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ച വ്യാധികൾ കണ്ടെത്താനും മുൻകരുതൽ നടപടി സ്വീകരിക്കുന്നതിനുമായി പ്രവർത്തിക്കുന്ന പ്രതിരോധ നിയന്ത്രണ സെല്ലിന്റെ സംസ്ഥാന കോ-ഓർഡിനേറ്റർ തസ്തിക ഇല്ലാതാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സെല്ലിന്റെ പ്രവർത്തന ഫണ്ട് 40 ലക്ഷത്തിൽനിന്നും 20 ലക്ഷമായി വെട്ടിച്ചുരുക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സെല്ലിന്റെ ഘടനയും സെൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളും വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം പ്രസ്തുത സെല്ലിനായി അനുവദിച്ച തുക പൂർണ്ണമായും ചെലവാകാത്തതിനാലാണ് ഈ സാമ്പത്തികവർഷം അത്രയും തുക അനുവദിക്കാത്തത്.

(സി) പ്രസ്തുത സെല്ലിൽ നിലവിൽ ഒരു സംസ്ഥാനതല കോ-ഓർഡിനേറ്ററും, ഒരു ഹെൽത്ത് എഡ്യൂക്കേഷൻ അസിസ്റ്റന്റ് പ്രൊഫസറും മറ്റു ചില താൽക്കാലിക ജീവനക്കാരും പ്രവർത്തിച്ചുവരുന്നു. പകർച്ചവ്യാധികൾ സംബന്ധിച്ച വിവരശേഖരണമാണ് നിലവിൽ ഈ സെല്ല് നടത്തിവരുന്ന പ്രധാന പ്രവർത്തനം.

അനസ്തേഷ്യാ ടെക്നീഷ്യൻ

56 (6761) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ അനസ്തേഷ്യ ടെക്നീഷ്യൻമാരുടെ എത്ര തസ്തികകളാണുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികയുടെ നിയമന യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) അനസ്തേഷ്യ ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ്, ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ കോഴ്സിന് തുല്യമായി അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനസ്തേഷ്യ ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ് അനസ്തേഷ്യ ടെക്നീഷ്യൻ, ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ എന്നിവയ്ക്കുള്ള യോഗ്യതയായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) താഴെ പറയുന്ന സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അനസ്തേഷ്യ ടെക്നീഷ്യൻമാരുടെ 24 തസ്തികകളാണുള്ളത്.

തിരുവനന്തപുരം മെഡിക്കൽ കോളേജ്	-	6
ആലപ്പുഴ മെഡിക്കൽ കോളേജ്	-	4
തൃശ്ശൂർ മെഡിക്കൽ കോളേജ്	-	9
കോഴിക്കോട് മെഡിക്കൽ കോളേജ്	-	5

(ബി) 1. എസ്.എസ്.എൽ.സി. വിജയം

2. മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യത നേടിയശേഷം ഏതെങ്കിലും വലിയ ആശുപത്രിയിൽ 3 വർഷത്തിൽ കുറയാത്ത അനസ്തേഷ്യാ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള പ്രവൃത്തി പരിചയം. (വലിയ ആശുപത്രി എന്നുപറയുമ്പോൾ 100 കിടക്കയിൽക്കൂടുതൽ ഉള്ളതും പ്രത്യേകമായി മെഡിക്കൽ സർജിക്കൽ വിഭാഗങ്ങൾ ഉള്ളതുമായ ആശുപത്രികൾ)

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ഇതു സംബന്ധിച്ച ശുപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

കുന്നംകുളം താലൂക്കാശുപത്രിയിൽ ഫാർമിസിസ്റ്റ് തസ്തിക

57 (6762) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം ഗവൺമെന്റ് താലൂക്കാശുപത്രിയിൽ എത്ര ഫാർമസിസ്റ്റ് തസ്തികയാണ് അനുവദിച്ചു നൽകിയിട്ടുള്ളത് ; ഗവൺമെന്റ് താലൂക്കാശുപത്രിയായി ഉയർത്തി ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ അനുവദിച്ച് വിദഗ്ദ്ധ ചികിത്സനടത്തിവരുമ്പോഴും ഫാർമസിസ്റ്റ് തസ്തിക പഴയപടി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദിനംപ്രതി 500-നും 800-നും ഇടയിൽ ഒ.പി. വിഭാഗത്തിലും 100-നു അടുത്ത് ഐ.പി. വിഭാഗത്തിലും ചികിത്സയ്ക്കായി രോഗികൾ എത്തുന്ന ഈ ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ തസ്തിക അധികമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly